# കേരള കലാമണ്ഡലം

(കല്പിതസർവകലാശാല)



# ആർട് ഹയർസെക്കണ്ടറി സ്കൂൾ

**പ്രോസ്പെക്റ്റസ് 2020–21**

*പൂർണ്ണതയിലേയ്ക്കുള്ള പ്രയാണമാണ് കല.*
*കലാപഠനം പാവനമാണ്;*
*മനസ്സുകളെ അത് സംശുദ്ധമാക്കുന്നു;*
*ഉദാത്തതലങ്ങളിലേയ്ക്കുയർത്തുന്നു.*


ചാൻസലർ
**ആരിഫ് മുഹമ്മദ് ഖാൻ**
ബഹുമാനപ്പെട്ട കേരള ഗവർണർ

പ്രോ ചാൻസലർ
**എ.കെ.ബാലൻ**
ബഹു. സാംസ്കാരിക വകുപ്പ് മന്ത്രി

വൈസ് ചാൻസലർ
**ഡോ. ടി.കെ. നാരായണൻ**

രജിസ്ട്രാർ
**ഡോ. കെ.പി. മനോജ്**

# കേരള കലാമണ്ഡലം കല്പിതസർവ്വകലാശാല
## ഹയർസെക്കണ്ടറി കോഴ്സ്
## പ്രോസ്പെക്ടസ്

**1. പ്രവേശന രീതി**

പത്താം തരം ജയിച്ച 2020 ജൂൺ 1-ന് 20 വയസ് കവിയാത്ത വിദ്യാർത്ഥികൾക്കാണ് കലാമണ്ഡലത്തിൽ പ്ലസ് വൺ പ്രവേശനം ലഭിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് രണ്ട് വർഷം ഇളവു ലഭിക്കും. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥി(നി)കൾ താഴെപറയുന്ന 14 കലാവിഷയങ്ങളിലേയ്ക്കായി നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്. വിദ്യാർത്ഥി (നി) ഒരു കലാവിഷയം പ്രധാന വിഷയമായി എടുത്താണ് ഹയർസെക്കന്ററി പഠനം പൂർത്തിയാക്കുന്നത്. അപേക്ഷഫോറം സമർപ്പിച്ച ശേഷം നിർദ്ദിഷ്ട കലാവിഷയത്തിൽ അഭിമുഖത്തിന് ക്ഷണിക്കുന്നതാണ്. ഹൈസ്കൂൾ സിലബസ് പ്രകാരമുള്ള പ്രയോഗമികവ് പുലർത്തുന്നവർക്കായിരിക്കും അഭിമുഖ പരീക്ഷയ്ക്ക് ശേഷമുള്ള റാങ്ക് ലിസ്റ്റിലെ ക്രമമനുസരിച്ച് പ്ലസ് വൺ ന് ഓരോവിഷയത്തിനും പ്രവേശനം നൽകുന്നത്. പ്രവേശനം ലഭിച്ച ശേഷം കലാവിഷയം മാറാൻ അനുവദിക്കുന്നതല്ല.

പ്ലസ് വൺന് അപേക്ഷിച്ച യോഗ്യരായ വിദ്യാർത്ഥി(നി)കൾ അഭിമുഖ പരീക്ഷയ്ക്ക് സ്വന്തം ചെലവിൽ ഹാജരാകേണ്ടതാണ്. കലാമണ്ഡലത്തിൽ നിന്നും 10-ാം ക്ലാസ് വിജയിച്ച വിദ്യാർത്ഥി (നി)കൾ അതേകലാവിഷയത്തിൽ തന്നെ പ്ലസ് വൺ ന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. മറ്റു സ്കൂളുകളിൽ നിന്നും പത്താം ക്ലാസ് വിജയിച്ച വിദ്യാർത്ഥി(നി)കൾക്ക് അപേക്ഷിക്കുന്ന കലാവിഷയത്തിൽ കലാഭിരുചി, ആഭിമുഖ്യം, മുൻപരിചയം, പ്രയോഗ മികവ്, കലാപരിശീലനത്തിന് യോജിച്ച ശാരിരിക അവസ്ഥ എന്നിവ നിർബന്ധമാണ്. അപേക്ഷിക്കുന്ന കലാവിഷയത്തിൽ കലാമണ്ഡലം ഹൈസ്ക്കുൾ തലത്തിൽ പഠിച്ച സിലബസ്സിന് തുല്യമായ കലാപ്രാവീണ്യം നേടിയിരിക്കണം. വിദ്യാർത്ഥി(നി)കൾക്ക് ഓരോ വിഷയത്തിലും അപേക്ഷ സമർപ്പിക്കുന്ന, പ്രായപരിധിക്കുള്ളിൽ വരുന്ന എല്ലാവിദ്യാർത്ഥികളെയും അഭിമുഖ പരീക്ഷ നടത്തുന്ന വിദഗ്ദ്ധാംഗങ്ങൾ പരീക്ഷിച്ച് പരമാവധി 100 മാർക്ക് നൽകുന്നതാണ്. അഭിമുഖത്തിന് ശേഷം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിശ്ചിത തീയതിക്കുള്ളിൽ വിദ്യാർത്ഥി(നി)കൾ പ്രവേശനം നേടേണ്ടതാണ്. ഓരോ വിഭാഗത്തിലും നിജപ്പെടുത്തിയിട്ടുള്ള സീറ്റുകളിൽ കൂടുതൽ പ്രവേശനം നൽകുന്നതല്ല.

**2. ഫീസ് ക്രമം**

| | | |
|---|---|---|
| അഡ്മിഷൻ ഫീസ് | : | 50/-രൂപ |
| ഒന്നാംവർഷ ഫീസ് | : | 160/-രൂപ |
| കോഷൻ മണി | : | 100/-രൂപ |
| മാഗസിൻ ഫണ്ട് | : | 50/-രൂപ |
| ജനറൽ ഫണ്ട് | : | 150/-രൂപ |
| പി.റ്റി.എ.ഫണ്ട് | : | 300/-രൂപ വീതം (രണ്ടു വർഷം) |
| പരീക്ഷാ ഫീസ് | : | 50/-രൂപ |
| ഐ.ഡി. കാർഡ് | : | 50/- രൂപ |
| **ആകെ** | **:** | **910/-രൂപ** |

പ്ലസ് വൺ പ്രവേശനം ലഭിക്കുന്നവർക്ക് ഹോസ്റ്റൽ താമസം നിർബന്ധമാണ്. മേൽപറഞ്ഞ ഫീസിനോടൊപ്പം 1,500/- രൂപ ഹോസ്റ്റൽ ഡെപ്പോസിറ്റും 1,500/- രൂപ മെസ്സ് അഡ്വാൻസും ആയി ആകെ 3,000/- രൂപ അടയ്ക്കേണ്ടതാണ്. (കലാമണ്ഡലം വിദ്യാർത്ഥികൾ 8-ാം ക്ലാസ് പ്രവേശന സമയത്ത് അടച്ച 1,500/- രൂപയുടെ ബാക്കിതുകയായ 1,500/- രൂപ അടക്കേണ്ടതാണ്.)

**3. ഗുരുകുലക്രമം**

ഗുരുകുലസമ്പ്രദായമാണ് കലാമണ്ഡലത്തിൽ നിലവിലുള്ളത്. പുലരും മുമ്പേ 4.30-ന് ആരംഭിക്കുന്ന സാധകം 6.30 വരെ തുടരും. 9 മണിക്ക് കളരിയിൽ അഭ്യാസം തുടങ്ങും. വൈകുന്നേരം കൂത്തമ്പലത്തിൽ മിക്കദിവസവും കലകളുടെ അവതരണങ്ങളുണ്ടാവും. ഇതിനിടയ്ക്കുള്ള സമയത്ത് ആധുനിക വിദ്യാഭ്യാസ രീതിശാസ്ത്രങ്ങൾക്ക് അനുസരിച്ച് പൊതുവിഷയങ്ങൾ പഠിക്കുന്നതിനും സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്.

4. **അച്ചടക്കം**

കളരികളിലും ക്ലാസ്സുകളിലും കർശനമായ അച്ചടക്കം പാലിക്കേണ്ടതുണ്ട്. ഗുരുശിഷ്യബന്ധം പാവനമായി നിലനിർത്തുവാൻ ഓരോ വിദ്യാർഥിയും പരിശീലിക്കണം. ബഹു. ഹൈക്കോടതിയുടെ വിധി അനുസരിച്ച് കേരള കലാമണ്ഡലം ക്യാമ്പസ്സുകളിൽ വിദ്യാർത്ഥികളുടെ രാഷ്ട്രീയവും രാഷ്ട്രീയാനുബന്ധപ്രവർത്തനങ്ങളും നിരോധിച്ചിട്ടുള്ളതാണ്. കലാമണ്ഡലത്തിന്റെ നിയമാവലി ലംഘിക്കുന്നവരും, അച്ചടക്കലംഘനം നടത്തുന്നവരും, സ്വഭാവദൂഷ്യം കാണിക്കുന്നവരും, ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നവരും, മതിയായ കാരണങ്ങൾ ഇല്ലാതെ ക്ലാസ്സുകളിൽ ഹാജരാകാത്തവരും ആയ വിദ്യർഥികളെ സ്ഥാപനത്തിൽ നിന്ന് വിടുതൽ നല്കുന്നതിനുള്ള അധികാരം കലാമണ്ഡലം അധികാരികളിൽ നിക്ഷിപ്തമാണ്. കലാമണ്ഡലത്തിലെ സ്ഥാവരജംഗമ വസ്തുകൾക്ക് കേടുപാടുകൾ വരുത്തുകയോ നശിപ്പിക്കുകയോ ചെയ്താൽ നഷ്ടം ഒറ്റക്കോ, കൂട്ടായോ വിദ്യാർഥികളിൽ നിന്നും ഈടാക്കുന്നതാണ്. കലാമണ്ഡലം രജിസ്ട്രാറുടെ അറിവും സമ്മതവും ഇല്ലാതെ പുറം പരിപാടിക്ക് പോകുന്നത് ശിക്ഷാർഹവും അത്തരം വിദ്യാർഥികളെ സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്യുന്നതുമാണ്.

5. **ഹോസ്റ്റൽ പ്രവേശനം**

കലാമണ്ഡലം, റസിഡൻഷ്യൽ സമ്പ്രദായത്തിലുള്ള സർവകലാശാല ആകയാലും കളരിസാധകം പുലർച്ചയ്ക്ക് മുൻപേ ആരംഭിക്കേണ്ടതുള്ളതുകൊണ്ടും എല്ലാ വിദ്യാർഥികളും കാമ്പസിൽ തന്നെ താമസിക്കേണ്ടതാണ്. ഹോസ്റ്റൽ പ്രവേശനത്തിന് പ്രത്യേകം അപേക്ഷ നല്കേണ്ടതുണ്ട്. ഹോസ്റ്റലിൽ നിന്ന് വിടുതൽ ചെയ്യുമ്പോൾ വിദ്യാർഥികൾ ഉപയോഗിക്കുന്ന മുറി വൃത്തിയായും, അവയിലെ ഫർണിച്ചർ, ഇലക്ട്രിക് ഉപകരണങ്ങൾ എന്നിവ കേടുകൂടാതെ തിരിച്ചേല്പിക്കേണ്ടതാണ്. നാശനഷ്ടങ്ങൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയവയ്ക്ക് ഉത്തരവാദികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതായിരിക്കും. വിദ്യാർഥികൾ ഉപയോഗിക്കുന്ന വൈദ്യുതി, വെള്ളം എന്നിവയ്ക്ക് ചാർജ്ജ് ഈടാക്കുന്നതാണ്.

6. **സ്റ്റൈപ്പന്റ്**

എട്ടാം ക്ലാസ് മുതൽ എം.ഫിൽ തലം വരെ 450 സ്റ്റൈപ്പന്റ് സീറ്റുകളാണ് ഉള്ളത്.

പഠനത്തിൽ തൃപ്തികരമായ പുരോഗതി കാണിക്കാത്ത വിദ്യാർഥികൾക്ക് ആദ്യവർഷം സ്റ്റൈപ്പന്റ് ലഭിച്ചാലും തുടർന്നുള്ള വർഷങ്ങളിൽ സ്റ്റൈപ്പന്റ് ലഭിക്കുന്നതല്ല. ഓരോ വർഷത്തിന്റെയും ആദ്യത്തെ ആഴ്ചയിൽ സ്റ്റൈപ്പന്റിനുള്ള അപേക്ഷകൾ നൽകേണ്ടതാണ്. അധ്യയനം ആരംഭിച്ച് ഒരു മാസത്തിനുള്ളിൽ വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കണം. വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സ്റ്റൈപ്പന്റ് നൽകുക. അതതു വർഷത്തെ വരുമാന പരിധി ഭരണസമിതി നിശ്ചയിക്കുന്നതായിരിക്കും. മതിയായ കാരണങ്ങളില്ലാതെ അവധിയാകുന്ന വിദ്യാർഥികൾക്ക് സ്റ്റൈപ്പന്റിന് അർഹതയുണ്ടായിരിക്കുന്നതല്ല. സ്റ്റൈപ്പന്റ് തുകയിൽ ഹോസ്റ്റൽ ഫീസ്, വെള്ളം, വൈദ്യുതി എന്നിവയിൽ അധികം വരുന്ന തുക അടക്കുവാൻ വിദ്യാർഥി ബാദ്ധ്യസ്ഥനാണ്.

7. **സംവരണം**

നിലവിലുള്ള നിയമമനുസരിച്ച് പ്രവേശനത്തിന് സംവരണതത്ത്വം പാലിക്കുന്നതാണ്. സംവരണ വിഭാഗത്തിലുള്ള എല്ലാവർക്കും ഗവൺമെന്റ് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അർഹതയനുസരിച്ച് ലഭിക്കുന്നതാണ്.

8. **14 കോഴ്സുകൾ വിവരങ്ങൾ (കലാവിഷയങ്ങൾ)**

| | | | സീറ്റ് |
|---|---|---|---|
| 1. | കഥകളി വേഷം - വടക്കൻ | : ആൺകുട്ടികൾ | 4 |
| 2 | കഥകളി വേഷം - തെക്കൻ | : ആൺകുട്ടികൾ | 4 |
| 3. | കഥകളി സംഗീതം | : ആൺകുട്ടികൾ | 4 |
| 4. | ചെണ്ട | : ആൺകുട്ടികൾ | 8 |
| 5. | മദ്ദളം | : ആൺകുട്ടികൾ | 4 |
| 6. | ചുട്ടിയും കോപ്പുപണിയും | : ആൺകുട്ടികൾ | 4 |
| 7 | കൂടിയാട്ടം പുരുഷവേഷം | : ആൺകുട്ടികൾ | 4 |
| 8 | കൂടിയാട്ടം സ്ത്രീവേഷം | : പെൺകുട്ടികൾ | 4 |
| 9 | മിഴാവ് | : ആൺകുട്ടികൾ | 4 |
| 10 | തിമില | : ആൺകുട്ടികൾ | 4 |
| 11 | തുള്ളൽ | : ആൺകുട്ടികൾ/പെൺകുട്ടികൾ | 4 |

| | | | | |
|---|---|---|---|---|
| 12 | മൃദംഗം | : | ആൺകുട്ടികൾ | 4 |
| 13 | കർണ്ണാടകസംഗീതം | : | ആൺകുട്ടികൾ/പെൺകുട്ടികൾ | 8 |
| 14 | നൃത്തം | : | പെൺകുട്ടികൾ | 12 |

**9. അപേക്ഷിക്കുന്ന രീതി**

അപേക്ഷയും പ്രോസ്പെക്ടസും കലാമണ്ഡലം വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ് (*www.kalamandalam.org*). പൂരിപ്പിച്ച അപേക്ഷയോടൊപ്പം, തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തി എ.സ്.ബി.ഐ.ശാഖയിൽ **രജിസ്ട്രാർ, കേരള കലാമണ്ഡലം** എന്ന പേരിലുള്ള **30238237798** അക്കൗണ്ട് നമ്പറിലേക്ക് **(IFSC Code SBIN0070971) 200/-** രൂപ അടവാക്കിയ ഒറിജിനൽ കൗണ്ടർ ഫോയിൽ (**account pay-in slip**) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. കൗണ്ടർ ഫോയിൽ സമർപ്പിക്കാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല. കൗണ്ടർ ഫോയിലിൽ അപേക്ഷകന്റെ പേര് ചേർത്തിരിക്കണം. ഡി.ഡി.യോടുകൂടി സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷകർക്ക് **80**/- രൂപ അടച്ചാൽ മതിയാകുന്നതാണ്.

**10. പ്രവേശന ക്രമം:**

| | | | |
|---|---|---|---|
| 1. | അപേക്ഷകൾ വിതരണം ചെയ്തു തുടങ്ങുന്ന തീയതി | : | **29/07/2020** |
| 2. | പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി | : | **14/08/2020** |

**അപേക്ഷകൾ കലാമണ്ഡലത്തിൽ നേരിട്ട് സ്വീകരിക്കുന്നതല്ല. അപേക്ഷയോടൊപ്പം അസ്സൽ സാക്ഷ്യപത്രങ്ങൾ വെയ്ക്കേണ്ടതില്ല. അഭിമുഖസമയത്ത് എല്ലാ അസ്സൽ സാക്ഷ്യപത്രങ്ങളും അവയുടെ ഓരോ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ അഭിമുഖ തീയതിയും, പ്രവേശന തീയതിയും യഥാസമയം കലാമണ്ഡലം വെബ്സൈറ്റിൽ (*www.kalamandalam.org*) പ്രസിദ്ധീകരിക്കുന്നതായിരിക്കും.**

**പ്രവേശനം സംബന്ധിച്ച പരാതികൾ**

പ്രവേശനം സംബന്ധിച്ച പരാതികൾ വൈസ് ചാൻസലർ പരിശോധിക്കുന്നതും തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

അപേക്ഷകൾ അയയ്ക്കേണ്ട വിലാസം :

**രജിസ്ട്രാർ**
കേരള കലാമണ്ഡലം കല്പിതസർവകലാശാല
വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശ്ശൂർ-679 531.
ഫോൺ : 04884 262418
e-mail: academic.kalamandalam@gmail.com, Website: www.kalamandalam.org

**രജിസ്ട്രാർ**
കേരള കലാമണ്ഡലം